നം. ജി /940/2015/ജി.മാ.ആ

ജില്ലാമാതൃകാആശുപത്രി പേരൂർക്കട,
തീയതി. 30/01/2024

# ദർഘാസ് പരസ്യം

തിരുവനന്തപുരം പേരൂർക്കട ജില്ല മാതൃകാ ആശുപത്രിയിലെ വിവിധ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ താഴെ പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഫയർ എക്സ്റ്റിംഗ്യൂഷർ ആവശ്യാനുസരണം റീഫിൽ ചെയ്യുന്നതിനും ഉപയോഗിക്കാൻ പറ്റാത്തവ മാറ്റി സ്ഥാപിക്കുന്നതിനും വ്യവസ്ഥകൾക്ക് വിധേയമായി താല്പര്യമുള്ള വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു. മുദ്രവച്ച കവറിലാക്കിയ പൂരിപ്പിച്ച ദർഘാസുകൾ 06/02/2024 - ന് 11 മണിയ്ക്ക് മുമ്പ് ഈ ആഫീസിൽ ലഭിക്കത്തക്കവിധം സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. കവറിന് പുറത്ത് മുകളിൽ കാണുന്ന നമ്പർ രേഖപ്പെടുത്തേണ്ടതാണ്. വൈകി വരുന്നവ പരിഗണിക്കുന്നതല്ല. 07/02/2024, 11 ::00 മണിയ്ക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ആവശ്യമായ രേഖകൾ ഹാജരാക്കിയതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്നതുമായ ടെന്റർ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ടെൻഡർ ഫോറങ്ങൾ വിൽക്കുന്ന അവസാന തിയതി 05/02/2024, നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## സ്പെസിഫിക്കേഷൻ

1. ABC 2Kg Fire extinguisher – refilling
2. ABC 4Kg Fire extinguisher – refilling
3. ABC 6 Kg Fire extinguisher - refilling

### വ്യവസ്ഥകൾ

1) ദർഘാസ് ഫാറത്തിന്റെ വിലയായ 1200/- രൂപ(ആയിരത്തി ഇരുന്നൂറ് രൂപ) മാത്രം - ജി.എസ്.ടി 18 % അടക്കം) ആഫീസിൽ അടച്ച് അവ വാങ്ങാവുന്നതാണ്.

2) നിരതദ്രവ്യമായി തുക 5000/- (അയ്യായിരം രൂപ മാത്രം) രൂപ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ഇല്ലാത്തവ നിരസിക്കുന്നതായിരിക്കും.

3) അപ്രകാരം തയ്യാറാക്കിയ ക്വട്ടേഷൻ നിരതദ്രവ്യം സഹിതം സീൽ ചെയ്ത കവറിലാക്കി കവറിന് പുറത്ത് വിവിധ യൂണിറ്റുകളിലേയ്ക്ക് ഫയർ എക്സ്റ്റിംഗ്യൂഷർ ആവശ്യാനുസരണം റീഫിൽ ചെയ്യുന്നതിനും ഉപയോഗിക്കാൻ പറ്റാത്തവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ എന്നെഴുതേണ്ടതും സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

4) കരാർ സ്വിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ 5% തുക പെർഫോമൻസ് സെക്യൂരിറ്റിയായി മുൻകൂറായി അടയ്ക്കേണ്ടതും ആഫീസിൽ അടച്ചു രസീത് വാങ്ങേണ്ടതുമാണ്. അല്ലാത്തപക്ഷം കരാർ റദ്ദ് ചെയ്യുന്നതാണ്.

5) ആശുപത്രി അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ യാതൊരു വിധ മുന്നറിയിപ്പുമില്ലാതെ കരാർ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6) ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ ആശുപത്രി സൂപ്രണ്ടിന്റെയും മാനേജ്മെന്റ് കമ്മിറ്റിയുടെയും നിയമങ്ങളും നിബന്ധനകളും പാലിച്ചു കൊള്ളാമെന്നും കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയില്ലായെന്നും കാലാവധി കഴിയുമ്പോൾ യാതൊരു വിധ തർക്കങ്ങളോ തടസ്സങ്ങളോ ഉന്നയിക്കാതെ ഒഴിഞ്ഞു പോകാമെന്നുള്ള വിവരം 200 രൂപ മുദ്രപത്രത്തിൽ രണ്ട് സാക്ഷികളുടെ ഒപ്പും വിലാസവും തിരിച്ചറിയൽ കാർഡിന്റെ/ആധാർ കാർഡിന്റെ പകർപ്പും സഹിതം സൂപ്രണ്ടിന് നൽകേണ്ടതാണ്.

7) പൂർണ്ണ വിവരങ്ങൾ ഇല്ലാത്തതും വ്യവസ്ഥകൾ പാലിക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

8) ദർഘാസുകൾ നിരസിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനും ഉള്ള അധികാരം ആശുപത്രി സൂപ്രണ്ടിനുണ്ടായിരിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ (10.15 മണിമുതൽ 5 മണിവരെ) ആശുപത്രി ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**ഡോ.സ്റ്റാൻലി.എസ്**
**സൂപ്രണ്ട്**

**പകർപ്പ്**

ആർ.എം.ഒ/നേഴ്സിംഗ് സൂപ്രണ്ട്/സ്റ്റോർ സൂപ്രണ്ട്
നോട്ടീസ് ബോർഡ്-ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
,, ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട
,, മാനസികാരോഗ്യകേന്ദ്രം, പേരൂർക്കട
,, ജില്ലാ ആശുപത്രി,നെടുമങ്ങാട്, തിരുവനന്തപുരം
,, ജനറൽ ആശുപത്രി,നെയ്യാറ്റിൻകര, തിരുവനന്തപുരം
,, ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം
,, കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം
,, താലൂക്ക് ഓഫീസ്, തിരുവനന്തപുരം